DESPATCHED On 14/3/23




# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം 695 001

Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920

Email: sic.ker@nic.in


**ഹർജി നമ്പർ CP.No.642(1)/2022/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No. 17432/SIC-Gen4/2022**

(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത മുഖ്യവിവരാവകാശ കമ്മീഷണർ**

**തീയതി: 2023 മാർച്ച് 10**

ശ്രീമതി മിഥുനാ മോഹൻ,
പാലമറ്റത്തിൽ വീട്,
കെ.എസ്.ആർ.ടി.സി.ക്ക് സമീപം,
പ്രസ് ക്ലബിന് പുറകിൽ, കോട്ടയം - 686 001. } പരാതി ഹർജിക്കാരി

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി തഹസിൽദാർ (എൽ.ആർ.എം),
താലൂക്ക് ഓഫീസ്,
കോട്ടയം. } എതിർകക്ഷി

| | | |
|---|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22/07/2022 | |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | | |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 16/11/2022 | |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 18/11/2022 | |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 14/12/2022 | |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 12/01/2023 | |
| ഹിയറിംഗ് നടന്ന തീയതി | 08/03/2023 | വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരി | ഹാജരായി | |
| എതിർകക്ഷി | ഹാജരായി | |

## ഉത്തരവ്

ശ്രീമതി മിഥുനാ മോഹൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരി വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് നാല് മാസമായിട്ടും എതിർകക്ഷി മറുപടി നൽകിയില്ല എന്നും വില്ലേജ് ഓഫീസിൽ നിന്നും താലൂക്കിൽ നിന്നും ഒരു നോട്ടീസ് പോലും തന്നിട്ടില്ല എന്നും ആയതിനാൽ മറുപടി ലഭിക്കുന്നതിനു വേണ്ട മേൽനടപടി സ്വീകരിക്കണമെന്നാണ്.

2. ഹർജിക്കാരി 22.07.2022 തീയതി കോട്ടയം താലൂക്ക് ഓഫീസ് എസ്.പി.ഐ.ഒ. മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. പെരുമ്പായിക്കാട് വില്ലേജിൽ സർവ്വെ 49/3-ൽപ്പെട്ടതും റീസർവ്വെ ബ്ലോക്ക് നം. 25-ൽപ്പെട്ടതും റീസർവ്വെ 216/2-ൽപ്പെട്ടതുമായ 1 ആർ 66 സ്ക്വ.മീറ്റർ വസ്തുവിന് 30.6.2021 വരെ കരമടച്ചിരുന്നു. എന്നാൽ 2022-23 കരം അടയ്ക്കാൻ ചെന്നപ്പോൾ കരം സ്വീകരിക്കാൻ വില്ലേജാഫീസ് ജീവനക്കാർ കരമടയ്ക്കാൻ സാധിക്കില്ല എന്നാണ് പറഞ്ഞത്. മേൽ പറഞ്ഞ സർവ്വെ നമ്പരിൽപ്പെട്ട വസ്തുവിന്റെ കരം ഇപ്പോൾ സ്വീകരിക്കാതിരിക്കാൻ കാരണമെന്തെന്നും രേഖാമൂലം മറുപടി നൽകണമെന്നും

ii. ഇപ്പോൾ കരം അടയ്ക്കാൻ സാധിക്കാത്തത് ആരെങ്കിലും പരാതി നൽകിയിട്ടാണോ എന്നും ആണെങ്കിൽ പരാതിക്കാരൻ നൽകിയ പരാതിയുടെ കോപ്പിയും പരാതിക്കാരന്റെ പൂർണ്ണ മേൽവിലാസവും നൽകണമെന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. എതിർകക്ഷി 05.01.2023 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരിയുടെ പരാതിക്കാസ്പദമായ സ്ഥലം കോട്ടയം താലൂക്കിൽ പെരുമ്പായിക്കാട് വില്ലേജിൽ ബ്ലോക്ക് 25, റീസർവ്വെ 216/2-ൽ 01.66 ആർ സ്ഥലം തണ്ടപ്പേർ 3646 പ്രകാരം നട്ടാശ്ശേരി കരയിൽ അമ്പലക്കുന്നേൽ നാരായണനാചാരി മകൻ നടരാജനാചാരിയുടെ പേരിൽ ഉണ്ടായിരുന്നതും ബഹു. കോട്ടയം മുൻസിഫ് കോടതിയുടെ ഒ.എസ്.476/03, ഇ.പി.8/09 നമ്പർ നടത്ത് കച്ചീട്ട്, ലേല സർട്ടിഫിക്കറ്റ് എന്നിവ പ്രകാരം കിളിരൂർ കരയിൽ കിഴക്കേമഠം വീട്ടിൽ കെ.പി.ശ്രീകുമാർ പേരിലേയ്ക്കും തുടർന്ന് കോട്ടയം അഡീഷണൽ സബ് രജിസ്ട്രാർ ഓഫീസിലെ 418/18 നമ്പർ തീറാധാര പ്രകാരം പരാതിക്കാരിയായ മറ്റക്കര കരയിൽ മായാവിലാസത്തിൽ മിഥുനാ മോഹൻ പേരിലേയ്ക്ക് പോക്കുവരവ് ചെയ്ത് തണ്ടപ്പേർ 13532 പ്രകാരം കരം അടച്ചു വന്നിരുന്നതാണെന്നും ടി വസ്തു സംബന്ധിച്ച് എ.എൻ. നടരാജൻ എന്നയാൾ സമർപ്പിച്ച അപേക്ഷയിൽ ബഹു. കോട്ടയം മുൻസിഫ് കോടതിയുടെ അറ്റാച്ച്മെന്റ് ഓർഡറിൽ റീസർവ്വെ നം. 38/2ഇ/1 എന്നും നടത്തുകച്ചീട്ടിൽ റീസർവ്വെ 216/2 എന്നും രേഖപ്പെടുത്തിയിരിക്കുന്നു എന്നും അറ്റാച്ച്മെന്റ് ഓർഡറിലെ സർവ്വെ നമ്പർ തിരുത്തി വസ്തു ലേലം ചെയ്തിട്ടുള്ളതിനാൽ ടി വസ്തുവിൽ നടന്നിട്ടുള്ള കൈമാറ്റങ്ങൾ റദ്ദ് ചെയ്യണമെന്നു ആവശ്യപ്പെട്ടിട്ടുള്ളതാണെന്നും ക്രമക്കേട് നടത്തി അഡ്വ.കെ.പി.ശ്രീകുമാർ സ്വന്തമാക്കിയ ടി സ്ഥലം വാങ്ങുന്നതിന് മഹേഷ് വിജയൻ എന്നയാൾ സെന്റിന് 1,41,000/- രൂപ വില നിശ്ചയിച്ച് വസ്തു ഉടമയായ നടരാജനുമായി കരാർ ഒപ്പിട്ടിട്ടുള്ളതാണെന്നും നിശ്ചിത സമയത്ത് നടരാജൻ വസ്തു എഴുതി കൊടുക്കാതെ വന്നപ്പോൾ കോട്ടയം സബ് കോടതിയിൽ ഒ.എസ്.569/10 നമ്പർ വ്യവഹാരം ഫയൽ

ചെയ്ത് 9.1.12-ൽ വന്ന വിധി പ്രകാരം ബാലൻസ് തുക കോടതിയിൽ കെട്ടിവെച്ചിട്ടുള്ളതാണെന്നും തുടർന്ന് ബഹു. കോട്ടയം മുൻസിഫ് കോടതിയിൽ നൽകിയ അപേക്ഷയിൽ വിചാരണ നടത്തി ക്രമക്കേട് നടന്ന സെയിൽ കോടതി അസ്ഥിരപ്പെടുത്തിയിട്ടുള്ളതാണെന്നും ആകയാൽ ടി വസ്തുവിൽ കരം സ്വീകരിക്കരുതെന്നും കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുമ്പോൾ ടി കാര്യങ്ങൾ രേഖപ്പെടുത്തണമെന്നും മഹേഷ് വിജയൻ എന്നയാൾ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ളതാണ് എന്നും ടി വിഷയത്തിന്റെ നിജസ്ഥിതി അറിയുന്നതിന് ബഹു. മുൻസിഫ് കോടതിക്ക് കത്ത് നൽകിയിട്ടുള്ളതാണെന്നും കോടതിയിൽ നിന്ന് മറുപടി ലഭിക്കുന്ന പ്രകാരം മാത്രമേ കരം സ്വീകരിക്കാനോ കൈവശ സർട്ടിഫിക്കറ്റ് അനുവദിക്കാനോ പാടുള്ളൂ എന്ന് പെരുമ്പായിക്കാട് വില്ലേജ് ഓഫീസർക്ക് ടി കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും ടി വിഷയത്തിൽ അന്വേഷണ നടപടികൾ പൂർത്തിയായിട്ടില്ല എന്നും ആയത് പൂർത്തിയായശേഷം റിപ്പോർട്ട് അയയ്ക്കാമെന്നും കോട്ടയം മുൻസിഫ് കോടതിയിൽ നിന്ന് അറിയിച്ചിട്ടുള്ളതാണെന്നും ടി വിഷയത്തിൽ മായാദേവി എന്നയാൾ വിവരാവകാശ നിയമപ്രകാരം 7.11.2022 -ൽ സമർപ്പിച്ച അപേക്ഷയിൽ 25.11.2022-ൽ മറുപടി നൽകിയിട്ടുള്ളതും ആവശ്യപ്പെട്ട പകർപ്പ് 6.12.2022-ൽ മായാദേവി കൈപ്പറ്റിയിട്ടുള്ളതാണെന്നും ടി വിഷയം സംബന്ധിച്ച് ടി ഓഫീസിൽ അപ്പീൽ അപേക്ഷ ലഭിച്ചിട്ടില്ലാത്തതാണെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും ലഭ്യമായ റിപ്പോർട്ടും പരിശോധിച്ചതിന്റെയും പരാതിക്കാരിയായ ശ്രീമതി മിഥുനാ മോഹനേയും എതിർകക്ഷിയേയും നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ എതിർകക്ഷിയുടെ റിപ്പോർട്ടിൽ പരാമർശിക്കുന്ന ശ്രീ. നടരാജനാചാരിയും മറ്റുള്ളവരും ചേർന്നു നടത്തിയ അധാർമ്മികവും തെറ്റായ രീതിയിലുമുള്ള കച്ചവടത്തിന്റെ ഇരയാണ് പരാതിക്കാരിയായ ശ്രീമതി മിഥുനാ മോഹൻ എന്ന് കമ്മീഷന് ബോധ്യപ്പെടുകയുണ്ടായി. പരാതിക്കാരി ഉന്നയിച്ചിരുന്ന വസ്തുവുമായി ബന്ധപ്പെട്ട വിവരങ്ങളുടെ clarification -നുവേണ്ടി ബഹു. കോട്ടയം മുൻസിഫ് കോടതിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ടി വിഷയത്തിൽ കോടതിയിൽ നിന്നും മറുപടി ലഭിക്കുന്ന മുറയ്ക്കു മാത്രമേ നടപടി സ്വീകരിക്കാൻ കഴിയൂ എന്ന എസ്.പി.ഐ.ഒ.യുടെ മറുപടി കമ്മീഷൻ അംഗീകരിക്കുന്നു. അതേസമയം 22.7.2022-ൽ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിൻമേൽ എസ്.പി.ഐ.ഒ. മറുപടി നൽകാതിരുന്നത് ടിയാന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയായി കണക്കാക്കുന്നു. ഈ സാഹചര്യത്തിൽ വിവരാവകാശ അപേക്ഷയിൻമേൽ മറുപടി നൽകുന്നതിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ

എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പുപ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും വിശദീകരണം ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 31.3.2023–നകം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

൫. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 മാർച്ച് 10–ാം തീയതി കമ്മീഷൻ താത്ക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

us